ANARKALI

(Prescribed for the Intermediate Examination 1937-1938)

MAHOPADYAYA

K. S. N. UNNI.

T61
U5

Rs-0-8-0
Rev. Fr. Alyphius T.O.C.D.
St. Thomas Monastery.
Pavarathy.

അനാക്ക്ലി

VI D
207

—:o:—

GENERAL'S HOUSE LIBRARY ERNAKULAM
DEFINITORY T... LIBRARY CANCELLED
DHARMARAM COLLEGE LIBRARY, BANGALORE. 8341

ശാസ്ത്രിമഹോപാദ്ധ്യായ
കെ. എസ്സ്. നീലകണ്ഠനുണ്ണി.

Publishers
UNNI & BROS, VYCOME.

രണ്ടാം പതിപ്പ് കോപ്പി 1000.

വില 8 ണ.

പോപ്പുലർപ്രസ്സ്, കോട്ടയം.
1936.

T 61
25

VI D
3·7

മുഖവുര.

അനാൎക്കലി എന്ന ഈ ഖണ്ഡകാവ്യം കുറച്ചുകാലം മുൻപാണു ഞാൻ എഴുതിയതു്. അക്കാലത്തു് ഇതിനെ ഗ്രന്ഥരൂപത്തിൽ ആക്കണമെന്നോ പ്രസിദ്ധീകരിക്കണമെന്നു തന്നെയുമോ ഞാൻ വിചാരിച്ചിരുന്നില്ല ഒരു സുപ്രസിദ്ധ സാഹിത്യകാരൻെറ ചെറുപ്രബന്ധത്തിൽ അടങ്ങിയ കഥാഭാഗമാണു് ഇതിലെ ഇതിവൃത്തം. ഒരു കാവ്യത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ട ആശയസമ്പത്തോ സഹൃദയഹൃദയാഹ്ലാദകശക്തിയോ ശബ്ദഭംഗിയോ ഇതിനുണ്ടെന്നുള്ള വിചാരം എനിക്കില്ലെങ്കിലും ചില സ്നേഹിതന്മാൎക്കുണ്ടായ നിൎബ്ബന്ധമാണു് ഇതിനെ ഈ രൂപത്തിൽ ആക്കിത്തീൎത്തതു്.

ഈ കൃതിയിൽ അങ്ങിങ്ങായി ചില സ്ഖലിതങ്ങൾ കണ്ടേക്കാം. ൧൦-ാംപേജിൽ ൪-ാംശ്ലോകത്തിലെ സഞ്ചിതാംഗനെ അഞ്ചിതാംഗനും, ൨൩-ാംപേജിൽ ൭-ാംശ്ലോകത്തിലെ പ്രാണാധികപ്രണയിയൊത്ത എന്നതിനെ പ്രണയമൊത്ത എന്നും വായിക്കേണ്ടതാണു്. ഇതിനൊരവതാരിക എഴുതിത്തന്ന സഹൃദയാഗ്രേസരനും മാന്യസുഹൃത്തുമായ വിദ്വാൻ വി. രാമശാസ്ത്രി അവൎകളോടും നോട്ടുകുറിച്ചുതന്ന സതീൎത്ഥ്യനായ കെ. നാരണപ്പിഷാരടി അവൎകളോടും ഈ ഗ്രന്ഥത്തെ ഇത്രയും ഭംഗിയായി അടിച്ചുതന്ന പോപ്പുലർ പ്രസ്സ് മാനേജർ അവൎകളോടും എനിക്കുള്ള കൃതജ്ഞത അപാരമാണു്.

പ്രസ്തുത കൃതി സഹൃദയന്മാരിൽ ചിലൎക്കെങ്കിലും ഉപകാരപ്രദായി തീരുമെങ്കിൽ "മമ ശ്രമം നിഷ്ഫലമല്ല കേവലം" എന്നു ഞാൻ അഭിമാനിച്ചുകൊള്ളാം. അതുതന്നെ ആയിരിക്കും മഹാജനങ്ങളിൽനിന്നും എനിക്കു കിട്ടാവുന്ന അനുഗ്രഹവും.

ഗ്രന്ഥകൎത്താ.

അവതാരിക.

——:o:——

"ആവശ്യം സൃഷ്ടിയുടെ മാതാവാകുന്നു" എന്നുള്ള അഭിയുക്തമതം കവികൾക്കും ആദരണീയമായിത്തന്നെ ഭവിക്കുന്നു. പ്രേക്ഷാവത്തുക്കളായ അവക്ക് സഹൃദയ ഹൃദയത്തെ സാക്ഷാൽക്കരിക്കുന്നതിനു സമയദൈർഘ്യം ആവശ്യമില്ല. ഇതിൻെറ ഫലമായിട്ടത്രെ, ഭാഷയിൽ ഓരോ കാലത്തും ഓരോ തരത്തിലുള്ള കവിതാപ്രസ്ഥാന ങ്ങൾ ആവിർഭവിച്ചിട്ടുള്ളത്.

ഇടക്കാലത്തു നവീനനാഗരീകതയുടെ അപ്രതിഹ തമായ തള്ളിക്കയററം നിമിത്തം ജനസാമാന്യത്തിൻെറ ജീവിതരീതിയിൽ പല മാററങ്ങളും വന്നുവശായി. ജീ വിതസുഖസമ്പാദനത്തിനുള്ള തീവ്രയത്നങ്ങളോടൊപ്പം മാത്സര്യവും ക്ലേശവും വർദ്ധിച്ചു. ലോകമസ്തകങ്ങൾ അഗ്നിപർവ്വതശൃംഗങ്ങളെന്നപോലെ പുകഞ്ഞുതുടങ്ങി. ഏതാദൃശപരിണതിക്കിടയിൽ സാഹിത്യസമാരാധക ന്മാരുടെ സംഖ്യ ശോചനീയമാംവണ്ണം ശുഷ്കമായിപ്പോ യതിൽ എന്താണത്ഭുതം?

വിശിഷ്യ, അക്കാലത്തുണ്ടായിട്ടുള്ളതും,

"നഗരാണ്ണവശൈലത്തു ചന്ദ്രാക്കോദയവണ്ണനൈഃ
ഉദ്യാനസലിലക്രീഡാ മധുപാനരതോത്സവൈഃ
വിപ്രലംഭൈർവ്വിവാഹൈശ്ച കുമാരോദയവണ്ണനൈഃ
മന്ത്രദൂതപ്രയാണാജി നായകാഭ്യുദയൈരപി."

എന്നിങ്ങനെയുള്ള നാനാവിധവർണ്ണനകളെക്കൊണ്ടു് അജഗരസ്തുതിയെ ആക്കും ഉളവാക്കുന്നതും മിക്കവാറും. സംസ്കൃതമഹാകാവ്യങ്ങളെ അനുകരിച്ചു നിർമ്മിക്കപ്പെട്ടിട്ടുള്ളതുമായ ഭാഷാമഹാകാവ്യങ്ങൾ അനാദൃതങ്ങളായതിൽ ആശ്ചര്യപ്പെടുവാനും അവകാശമില്ല. ഈ അനാദരം അവയുടെ നിസ്സാരതയിൽനിന്നും നിർഗ്ഗമിച്ചതല്ലെന്നും പ്രത്യേകം ഓർക്കേണ്ടതാകുന്നു.

മഹാകാവ്യദ്വാരാ ലോകാനുഗ്രഹം ദുസ്സാധമായിബ്ഭവിച്ചപ്പോൾ, കവികൾ കാവ്യവ്യാപാരത്തിലും ചിപരിഷ്കാരം വരുത്തി. പ്രകൃതപരിഷ്കൃതിയുടെ ഫലമായി അനതിദീർഘങ്ങളും, അന്തഃസാരസംയുതങ്ങളുമായ ഖണ്ഡകാവ്യങ്ങൾ കൈരളീദേവിയുടെ കണ്ഠാഭരണപദവിയെ പ്രാപിച്ചുതുടങ്ങി. ആദ്യമാദ്യം ആഖ്യാനരൂപത്തിലുള്ള ലഘുകാവ്യങ്ങളാണു നിർമ്മിക്കപ്പെട്ടതു്. ബന്ധനസ്ഥനായ അനിരുദ്ധൻ, മാലതി, ശ്രീബുദ്ധചരിതം മുതലായവ ഇത്തരത്തിൽ ഉൾപ്പെടുന്നു. ഇവയ്ക്കും പ്രചുരപ്രചാരം സിദ്ധിച്ചുകാണാഴികയാൽ, പാശ്ചാത്യസമ്പ്രദായത്തെ അനുകരിച്ചും എന്നാൽ പൌരസ്ത്യകാവ്യമീമാംസാതത്വങ്ങളെ ഉല്ലംഘിക്കാതെയും നവനവോല്ലേഖസ്ഫുരവും ഭാവോദ്ദീപകവും ആയ പലതരം ഖണ്ഡകാവ്യങ്ങൾ നിർമ്മിക്കാൻ കവികൾ ബദ്ധപരികരരായി. വർണ്ണത്തിൽ ചെറുതായിരുന്ന ഇത്തരം കൃതികൾ എണ്ണത്തിൽ വിപരീതാവസ്ഥയെ പ്രാപിച്ചു. ജനതതി ഇവയ്ക്കു സ്നേഹപൂർവ്വം സ്വാഗതമരുളി എന്നതിനു് ഇതിലധികം തെളിവു് ആവശ്യമുണ്ടോ?

ഭാഷാദേവതയുടെ ഭണ്ഡാഗാരത്തിന് പുഷ്ടിയേയും ഭാഷാഭിമാനികളുടെ ഹൃദയത്തിന് തുഷ്ടിയേയും വരുത്തിക്കൂട്ടിയ ഖണ്ഡകാവ്യമണ്ഡലം സാഹിത്യശാസ്ത്രകാരന്മാരുടെ നിരീക്ഷണപരീക്ഷണങ്ങൾക്കു വിഷയീഭവിച്ച് സർവ്വസമ്മതമായ ഒരു ശാസ്ത്രഗ്രന്ഥത്തെ ഉത്പാപാദിപ്പിച്ചില്ല. അതിനാൽ നിഷ്കൃഷ്ടമായി ഇവയെക്കുറിച്ച് ഒരഭിപ്രായം പറയുക വിഷമമത്രെ. എന്നിരുന്നാലും പണ്ഡിതന്മാർ ഖണ്ഡകൃതികൾ അടിയിൽക്കുറിക്കുന്ന ധർമ്മങ്ങളോടു കൂടിയവയായിരിക്കണമെന്ന് അഭിപ്രായപ്പെടുന്നു. ൧. കഥാവസ്തുവിനെ യഥാർത്ഥകഥാഗുണത്തോടുകൂടി പ്രതിപാദിക്കുക, ൨. കഥയോടു അഭേദ്യമായ വിധത്തിൽബന്ധിച്ചു നിൽക്കുന്ന സംഗതികൾ മാത്രം മിതമായും സരസമായും വർണ്ണിക്കുക, ൩. വൈകാരികഭാഗങ്ങളെ തെളിവായി കാണിക്കുക, ൪. ആവശ്യത്തിലധികം കഥാപാത്രങ്ങളെ സൃഷ്ടിക്കാതിരിക്കുക. ൫. കഥാഗതിക്കു ഐകരൂപ്യം ഉണ്ടായിരിക്കുക.

പ്രസ്തുതധർമ്മങ്ങളാൽ സമലംകൃതങ്ങളായ ഖണ്ഡകൃതികൾ വേണ്ടുവോളം കൈരളിക്കു കൈവന്നിട്ടുണ്ടെന്നു നമുക്ക് അഭിമാനിക്കാം. വള്ളത്തോൾ, ആശാൻ, ഉള്ളൂർ എന്നീ മഹാകവികൾ ഈ വഴിക്കു ഭിന്നഭിന്നസരണികളിൽക്കൂടി യത്നിച്ച് അമോഘമായ ഒരു ഖണ്ഡകാവ്യസമ്പത്തു കേരളീയർക്കു സമ്പാദിച്ചു തന്നിട്ടുണ്ട്. ഇതിന്മേലയ്ക്കു നാം അവരോടു സർവ്വഥാ കൃതജ്ഞരായിരിക്കേണ്ടതുമാകുന്നു.

ഇതിവൃത്തം.

ഈ അവതാരികയ്ക്കു വിഷയീഭൂതമായ "അനാക്ലലി" എന്ന ഖണ്ഡകാവ്യം ആഖ്യാനരൂപത്തിൽ രചിച്ചിട്ടുള്ള ഒരു കൃതിയാകുന്നു. പ്രകൃതകൃതി ഒരു പ്രസിദ്ധ സാഹിത്യകാരന്റെ ചെറുപ്രബന്ധത്തെ ഉപജീവിപ്പിച്ചു് നിർമ്മിച്ചിട്ടുള്ളതാണു്. ഇതിലെ കഥാസാരം ചുവടെ ചേർത്തുകൊള്ളാം.

സുജാതനും വിശ്വവിഖ്യാതകീർത്തിയുമായ അക്ബർചക്രവർത്തി പ്രജാക്ഷേമതത്പരതയോടെ രാജ്യം ഭരിച്ചുപോന്നു. അക്കാലത്തു പല നാട്ടുകാരായ അനവധി തരുണീമണികൾ സ്വമതാചാരങ്ങൾക്കു കേടു പററാതെ ചക്രവർത്തിയുടെ അന്തഃപുരത്തിൽ സൈ്വരജീവിതം നയിച്ചു. ഇക്കൂട്ടത്തിൽ അനാക്ലലി എന്നൊരു യുവതീരത്നവും അവിടെ വന്നുകൂടി. സുന്ദരിയും ബുദ്ധിമതിയുമായ അവൾ ക്രമേണ "വിദ്യാഭ്യാസത്തിനെല്ലാം അലയാഴിയായ്" ത്തീർന്നു. വിശിഷ്യ, അവൾക്കു നാട്യവിദ്യയിൽ ശ്ലാഘ്യമായ ചാതുര്യവും വന്നുകൂടി.

ഒരിക്കൽ അനാക്ലലി രാജസദസ്സിൽവെച്ചു് നാട്യവിദ്യ പ്രകടിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, ആ സഭയെ സ്വശരീരകാന്തികൊണ്ടു് കാന്തമാക്കിത്തീർക്കുന്ന സലിം രാജകുമാരനെ കണ്ടു. കുമാരന്റെ നേർക്കു കടാക്ഷബാണങ്ങൾ തൊടുക്കയും ചെയ്തു. രാജസുതനും ആ സുഷമാധാമത്തിൽ അഭിനിവിഷ്ടചിത്തവൃത്തിയായി ബ്ഭവിച്ചു.

വസ്ലത ചക്രവത്തി ഗ്രഹിച്ചു. അജ്ഞാതവംശജയായ അനാക്ക്ലിയിൽ സ്വപുത്രനുണ്ടായ അഭിനിവേശം അ സ്ഥാനത്തിലെന്നുകണ്ടു്, മുഗളാധിപൻ രണ്ടുപേരേയും വേണ്ടവിധം ശാസിച്ചു.

എന്നാൽ ഇവരുടെ അവ്യാജരാഗപ്രവാഹത്തെ പ്രതിരോധിക്കാൻ പ്രഭുപ്രതാപത്തിനു് പ്രാപ്തിയുണ്ടാ യില്ല. അതു് അനുദിനം വർദ്ധിച്ചു. പിന്നീടൊരിക്കൽ നമ്മുടെ കാമുകീകാമുകന്മാർ ഒരു സരോവരസൈകത ത്തിലെത്തി നർമ്മാലാപം നടത്തിക്കൊണ്ടിരിക്കവേ, ചക്രവത്തി രണ്ടുപേരേയും കണ്ടെത്തി. സ്വാജ്ഞാതിലം ഘിനിയായ നാട്യക്കാരിപ്പെണ്ണിനെ തുറുങ്കിലാക്കുകയും കുമാരൻെറ ആവാസം ആഗ്രായിലേയ്ക്കു മാററുകയും ചെയ്തു.

അനന്തരം ഒരുഷസ്സിൽ രാഗമൂർഛിതനായ സ ലിം കാരാലയത്തിലെത്തി തൻെറ പ്രാണപ്രിയയെ പ ല മട്ടിലുള്ള സാന്ത്വനവചനങ്ങൾ കൊണ്ടു സമാശ്വ സിപ്പിച്ചു. കുമാരൻെറ പ്രത്യാഗമനം ഭൃത്യവഗ്ഗത്തിൽ നിന്നു അക്ബർ അറിഞ്ഞു. വീണ്ടും കുപിതനായി പുത്രനെ ശാസിച്ചു. അനാരുവിനെ അവിടെനിന്നും മാററിത്താമസിപ്പിക്കയും ചെയ്തു. നായികയ്ക്കു തൻെറ നവവസതിയിലെ വാസം അസഹ്യമായിത്തോന്നി; ആ അമജീവിതത്തെ അവസാനിപ്പിക്കുവാൻതന്നെ ഉറച്ചു് അവൾ ഒരു നദിയിൽ ചെന്നുചാടി. എന്നാൽ ഭാഗ്യാ തിരേകത്താൽ അവളെ ഒരു വൃദ്ധൻ കണ്ടെത്തുകയും

പിടിച്ചുകയററി ഭവനത്തിൽ കൊണ്ടുചെന്നു പാപ്പിക്ക കയുമാണുണ്ടായതു്. അവിടെവച്ച് യാദൃഛികമായി "മെഹറന്നീസ്സാ" കുമാരന്റെ രാഗഭാജനത്തെ കണ്ടുമുട്ടി. അവൾ അന്നാരുവശം ഒരു കത്തു സലീമിനു് കൊടുത്തയച്ചു.

മെഹറന്നീസ്സായുടെ കത്തുംകൊണ്ടു് അന്നാക്ക്ലി സലിമിന്റെ സന്നിധിയിലെത്തി. പത്രിക അദ്ദേഹത്തെ ഏല്പിച്ചു. ഈ സന്ദർഭത്തിലും ചക്രവത്തി പെട്ടെന്നു പ്രത്യക്ഷനായി. എഴുത്തുകൈക്കലാക്കാൻ ഉദ്യമിച്ചു. ആ ഉദ്യമം അന്നാരുവിന്റെ സാമത്ഥ്യത്താൽ ഫലിച്ചില്ല. എഴുത്തു് അവൾ കുമാരന്റെ പക്കൽനിന്നും ധൈര്യപൂവ്വം തട്ടിപ്പറിച്ചു് വായിലിട്ടു് ചവച്ചു് വിഴുങ്ങിക്കളഞ്ഞു. അവളുടെ ഈ വ്യാപാരത്തിൽ മുഗൾപ്രഭുവിനു് അതിയായ കോപം തോന്നി. കത്തിലെ കാൎയ്യം അറിയാൻ ബഹുധാ ശ്രമിച്ചു. ധീരയായ നായികയോടു ചക്രവത്തിയുടെ അടവുകൾ പാററിയില്ല. അത്യന്തം രുഷ്ടനായ അക്ബർ ആ ദുർവിനീതയുടെ ഗളഛേദത്തിനു് അജ്ഞ നൽകി. സലിം പ്രാണപ്രിയയെ ആ അത്യാഹിതത്തിൽനിന്നും രക്ഷിച്ചു. ചക്രവത്തിയാൽ നിയുക്തരായ രാജകിങ്കരന്മാർ കുമാരനേയും അന്നാരുവിനേയും പിടിച്ചു രാജസന്നിധിയിൽ എത്തിച്ചു. ഉദാരഹൃദയനായ ചക്രവത്തി കത്തിലേ വിവരം വെളിപ്പെടുത്തിയാൽ അന്നാക്ക്ലിക്ക മാപ്പുകൊടുക്കാമെന്നു പറഞ്ഞു. സുസ്ഥിരഹൃദയയായ അവൾ അപ്പോഴും വിസമ്മതിച്ചു. കോപാകുലനായ ഭൂപതി അവളെ ഒരു കല്ലറകെട്ടി അ

തിലിട്ടു മൂടുകയും ചെയ്തു. ആ മനസ്വിനിയുടെ കഥ അങ്ങനെ അവസാനിച്ചു.

ചക്രവൎത്തിയും ദിവംഗതനായി. ജിഹാംഗീർ എന്ന അപരനാമധേയത്തിൽ സലിം ചക്രവൎത്തിപദം സ്വീകരിച്ചു. മെഹറന്നീസ് നൂർജിഹാനെന്നപേരിൽ പട്ടമഹിഷിയുമായി. അവർ ഇരുവരും ഒരു ദിവസം അനാൎക്കലിയെ സംസ്കരിച്ചിരുന്ന ഉദ്യാനത്തിൽ ചെന്നുചേൎന്നു. ശവകുടീരദൎശനത്താൽ ജിഹാംഗീർ ശോകാകുലനായി. ജീവിതേശനെ നൂർജിഹാൻ ഉപദേശംകൊണ്ടു സമാധാനിപ്പിച്ചു. അവർ മടങ്ങി രാജഗൃഹത്തിലെത്തി. സലിംചക്രവൎത്തി തനിക്കുവേണ്ടി ആത്മബലിചെയ്ത അനാരുവിൻെറ ശാശ്വതസ്മൃതിക്കായി ആ സാധ്വിയുടെ ശവകുടീരം വളരെ പണം ചെലവുചെയ്തു ശ്ലക്ഷ്ണശിലകളാൽ രമണീയമായി പണികഴിപ്പിച്ചു.

കാവ്യകഥാംശത്തിൽ മൂലകഥയിൽനിന്നു പറയത്തക്ക ഭേദഗതികളൊന്നും വരുത്തീട്ടില്ല. പ്രബന്ധാസ്ഥമായ കഥ ചുരുക്കത്തിൽ പദ്യരൂപേണ വിവൎത്തനം ചെയ്യുക മാത്രമേ ഗ്രന്ഥകാരൻ നിൎവഹിച്ചിട്ടുള്ളു.

പാത്രസൃഷ്ടി.

ഈ ഖണ്ഡകൃതിയിലെ അക്ബർ, സലിംരാജകുമാരൻ, അനാൎക്കലി, മെഹറന്നീസ്സാ, എന്നു നാലുകഥാപാത്രങ്ങളെ കവി രംഗപ്രവേശം ചെയ്യിച്ചിട്ടുണ്ടു്. ഇവ

രിൽ അക്ബർപാദ്ശാ ധീരോദ്ധതനായ ഒരു പുരുഷനായിട്ടാണുവായനക്കാർ ധരിച്ചുവെച്ചിട്ടുള്ളതു്. എന്നാൽ കാവ്യരംഗത്തിൽ പുത്രവാത്സല്യപരവശനായി നിരുദ്ധവീര്യനായി പ്രക്ഷുബ്ധഹൃദയനായി അദ്ദേഹത്തെ നാം കാണുന്നു. പ്രസ്തുത സ്ഥിതിഭേദത്തിനെല്ലാം ഹേതു വാത്സല്യപരാധീനതയെന്നു സമാധാനപ്പെടാം.

സലിം ധീരലളിതനായ ഒരു നായകനാണു്. രാഗമൂർഛയാൽ സ്വസ്ഥിതിപോലും ഇദ്ദേഹംമറന്നുകളയുന്നു. രാഗമോ സ്ഥിരമെന്നു പറയാവതല്ല. ചപലനും മനോദാർഢ്യം കുറഞ്ഞവനാളും ദയാലുവും ആയ സലിം അനാക്ലെിയിൽ കൃതജ്ഞനാണു്.

അനാക്ലെയിയുടെ സൃഷ്ടിയിൽ മററു കഥാപാത്രങ്ങളെ അപേക്ഷിച്ചു ഗ്രന്ഥകർത്താവു് ദൃഷ്ടിപതിപ്പിച്ചിട്ടുണ്ടു്. ഇവരം അന്യാദൃശമായ ലാവണ്യലക്ഷ്മിയാൽ അനുഗൃഹീതയാണു്. പരചിത്തവശീകരണത്തിൽ അസാമാന്യമായ പാടവം കാണുന്നു. മനസ്വിനിയും ധീരയുമായ അനാരു സുസ്ഥിരപ്രണയയും, ത്യാഗശീലയും ആയി കാണപ്പെടുന്നു.

മെഹറന്നീസ്സയും സുന്ദരിയാണു്. വിവേകം ഔചിത്യബുദ്ധി എന്നീ ഗുണങ്ങളും അവരംക്കുണ്ടു്. കാവ്യഘട്ടത്തിൽ അധികം പ്രവേശം ലഭിക്കുന്നില്ലെങ്കിലും നൂർജിഹാൻ എന്ന പ്രഖ്യാതയായിത്തീർന്ന ഇവരം ഭാഗ്യവതി തന്നെ.

വർണ്ണന.

കഥാകഥനത്തിൽ ശ്രദ്ധിക്കുന്ന കവി ഗ്രന്ഥഭാഗങ്ങളിൽ വർണ്ണനയ്ക്കു വളരെ സ്ഥലം അനുവദിച്ചിട്ടില്ല.

കനത്ത കാർകുന്തലഴിഞ്ഞുലഞ്ഞും
സ്തനങ്ങൾ ചെമ്പട്ടിനകത്തുലഞ്ഞും
മനസ്സുഴിഞ്ഞും നടമാടിമേവും
മനസ്വിനിക്കുള്ളിലുയൻറു രാഗം.

ദേഹം മെലിഞ്ഞു, തലകാഞ്ഞു, ഹൃദന്തരത്തിൽ
മോഹം തഴച്ചു, നയനങ്ങൾ പുകഞ്ഞുമങ്ങി,
ദാഹംവളൎന്നു, തനുവല്ലിതളൎന്നു, സത്താം
സ്നേഹം വഴിഞ്ഞു വിഷമിച്ചു, ശയിച്ചു സാദ്ധ്വി.

ഇത്യാദി വർണ്ണനകൾ കവിയുടെ മനോധർമ്മവിലാസത്തിന്ന് ഉദാഹരണങ്ങളാണ്. തന്മയത്വവും ഹൃദയാകർഷകത്വവുമുള്ള പദ്യങ്ങൾ ഈ കാവ്യത്തിൽ അവിടവിടെ ധാരാളമുണ്ട്.

ഭാഷ,

ശുദ്ധിയും, ശക്തിയും, വേണ്ടുവോളമുള്ള ഒരു ഭാഷ കവിക്കു സ്വാധീനമാണ്.

നീലാരവിന്ദനയനേ! പരിക്ഷീണപുണ്യ-
കാലാതിപാതമണയാതെയിരിക്കയില്ല.
വേലാധികാധിയിലിതേ വിധമാണ്ടു ചാരു-
ലീലാനിവാസതനുവല്ലി തളൎന്നിടൊല്ലാ.

ഇപ്രകാരം ഒഴുക്കും ഭംഗിയും ശുദ്ധിയുമുള്ള പദ്യം ഈ കൃതിയിൽ കുറവല്ല.

വൃത്തം.

പ്രഥമഖണ്ഡം.

ഉപേന്ദ്രവജ്രക്കു ജതംജഗംഗം എന്ന ലക്ഷണപ്രകാരമുള്ള ഉപേന്ദ്രവജ്ര.

ദ്വിതീയഖണ്ഡം.

ചൊല്ലാം വസന്തതിലകം തഭജംജഗംഗം എന്ന ലക്ഷണപ്രകാരമുള്ള വസന്തതിലകം.

മൂന്നാംഖണ്ഡം.

രം നരം ലഗുരുവും രഥോദ്ധതാ എന്ന ലക്ഷണപ്രകാരമുള്ള രഥോദ്ധതയും ആകുന്നു.

കൃത്യാന്തരപരതന്ത്രനായ ഞാൻ ഒരു മാന്യസുഹൃത്തിൻെറ അപേക്ഷയെ നിരസിപ്പാൻ അശക്തനായി ഭവിച്ചതുകൊണ്ടു മാത്രമാണ് ഈ ലഘുകാവ്യത്തിന് ഒരു അവതാരിക എഴുതുക എന്ന സാഹസത്തിന് വ്യാപൃതനായതു്. പഠിപ്പും,കവിതാവാസനയുമുള്ള പ്രകൃത കാവ്യകാരനിൽ ശുഭോദർക്കമായ ഒരു ഭാവി എനിക്ക

കാണ്മാൻ കഴിയുന്നുണ്ടു്. ഈശ്വരൻ അതിലേക്കു് അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.

എന്നു് സഹൃദയ വിധേയൻ,

കോട്ടയം,
19—11—111 } വിദ്വാൻ വി. രാമശാസ്ത്രി.

[illegible]

[illegible]

[illegible]

അനാൎക്കലി

—:o:—

I

അജാതഖേദം ധരണീതലത്തെ-
ബ്ഭുജാബലംകൊണ്ടു ഭരിച്ചുമേററം
പ്രജാഹിതം പാൎത്തു മതാന്ധധീയായ്-
സ്സുജാതനാമക്ബർ വിളങ്ങി മുന്നം.

വരാഭനബ്ഭൂമിവരന്റെ യന്തഃ-
പുരാന്തരത്തിൽ പലനാട്ടിൽനിന്നും
സരാഗമെത്തിക്കൂടികൊണ്ടിരുന്നി-
തരാളകേശീമണിമാരനേകം.

ഹിതത്തിനും തങ്ങടെ ശുദ്ധമാകും
മതത്തിനും ഹാനിയണഞ്ഞിടാതെ
ധൃതപ്രമോദം നിവസിച്ചുകൊണ്ടാർ
സ്വതന്ത്രമാരാമവർ വീതശങ്കം.

നിശാന്തമീമട്ടിലലങ്കരിച്ച
നിശാധിനാഥാനനമാൎക്ക ഹൃത്തിൽ
ഭൃശാൎത്തി ചേൎത്താളൊരു നാരി തന്റെ
വിശാലസൌന്ദൎയ്യവിശേഷവായ്പാൽ.

ദരിദ്രഗേഹത്തിൽ വളൎന്ന ഭാഗ്യ-
ഝരിക്കകം പൂകി, നൃപാലയത്തിൽ
ശരിക്കു വന്നെത്തിയ തമ്പി, വിദ്യാ-
സരിത്തിനെല്ലാമലയാഴിയായി.

സ്വഛന്ദപ്രപ്രേക്ഷണതന്റെ നൃത്യ-
മഹത്വമോൎത്തത്ഭുതമഗ്നരായി
ഗൃഹങ്ങളും കൂടി വെടിഞ്ഞു ലോക-
രഹൎന്നിശം ഭൂപഗൃഹത്തിൽ വാണർ.

മനോജ്ഞസംഗീതമരന്ദവൎഷ-
മനോപമം ചേൎത്തു പവിത്രഗാത്രി
വിനോദശീലൻ നൃവരന്നു ചിത്ത-
വിനോദമേല്പിച്ചു വസിച്ചിരുന്നു.

അനാൎയ്യസംസൎഗ്ഗമെഴാതെ സാദ്ധ്വീ-
സനാതനൈശ്വൎയ്യമൊടൊത്തു വാഴും
അനാൎക്കലീതി പ്രഥ പൂണ്ട മങ്ക-
യനാവിലാഭയ്ക്കു നിദാനമായി.

ധരാമണാളന്റെ സുതൻ സലീമി-
ന്നൊരാശയീമങ്കയിലങ്കുരിച്ചു
വരാഭമാം വസ്തുഹരിക്കമേത്രു
നരാശയത്തെയുമഹോബലത്താൽ:

വിലോലവൃത്താം നരനാഥപുത്രൻ
വിലോഭനീയാകൃതിയായ്‌വസിക്കും
സുലോചനാമൌലിയിലുള്ളഴിഞ്ഞു
തുലോമനാലംബനനായ് ചമഞ്ഞു.

ഒരിക്കലിസ്സുന്ദരി ഭൂപതീന്ദ്ര-
ന്നിരിക്കവേ നൃത്തഗൃഹാന്തരത്തിൽ
പരിഭ്രമിക്കാതെ കടാക്ഷബാണ-
മരിന്ദമൻ തൽസുതനിൽ തൊടുത്തു.

കനത്ത കാർക്കുന്തലഴിഞ്ഞുലഞ്ഞും
സ്തനങ്ങളും ചെമ്പട്ടിനകത്തുലഞ്ഞും
മനസ്സഴിഞ്ഞും നടമാടിമേവും
മനസ്വിനിക്കുള്ളിലുയർന്നു രാഗം.

വിലാസഭംഗിക്കടിപെട്ട ഭൂമീ-
വലാരിതൻ പുത്രനു ചിത്തതാരിൽ
ബലാലുദിച്ചീടിന രാഗലേശ-
മലാതമെന്നോണമെരിഞ്ഞുയർന്നു.

മുറയ്ക്കു രണ്ടാൾക്കുമുയർന്നൊരാധി-
മുറച്ചു വീർത്താംബുധി കണ്ടു ഭൂപൻ
വിറച്ചുതന്നാത്മജനേ വിളിച്ചു
പറഞ്ഞു പാരം പരുഷസ്വരത്തിൽ.

"കുലത്തിന്നൂനായ സലിം! നിനക്കി
വിലപ്പെടാത്തുള്ള നികൃഷ്ടകർമ്മം
നലത്തിനല്ലോൎക്കുക കീർത്തിപോലു-
മുലഞ്ഞുപാഴ്കുണ്ടിലമന്നുപോകും." ൰൩

"അഴിഞ്ഞവംശത്തിലുദിച്ച പെൺമാൻ-
മിഴിക്കുചേരും കരപങ്കജത്തെ
ഒഴിച്ചിടാതിന്നു പിടിച്ചുകൊൾവാൻ
മിഴിച്ചുവാഴുന്നു സലിം കുമാരൻ." ൰൪

ഇവണ്ണമീലോകർ കഥിച്ചിടുമ്പോ-
ളുവർണ്യസംവ്രീഡയുദിച്ചുപോകും
ഇവന്നു; വേഗത്തിലതോർത്തു ചിത്ത-
മിവൾക്കു നൽകാതെ തിരിച്ചെടുക്കം ൰൫

എനിക്കിതിന്നിഷ്ടമൊരിക്കലും മേൽ
ജനിക്കയില്ലായതുകൊണ്ടു വേഗം
കുനിഞ്ഞു വാഴാതിതിലുള്ള തത്വം
തനിച്ചു ചിന്തിച്ചുടനേ ത്യജിക്കം." ൰൬

അനന്തരം കോപകഠോരനാകു-
മീനപ്രഭൻ ഭൂപതി ഹാസപൂർവ്വം
കനത്ത കാർകുന്തൽ വഹിച്ചൊരാസ്ത്രീ-
ജനത്തിനന്ത്യംസമൊടിത്ഥമോതി. ൰൭

“മമാത്മജന്മാവു സലിം നിനക്കും
സുമാന്യനാണില്ല വിവാദലേശം
അമായമെന്നാലനുകൂലരാഗ-
സുമാർച്ച്യനെന്നോർത്തു മടിച്ചിടേണ്ട.

വരാനനേ! ഞാൻ തവ കാന്തനായി-
ട്ടൊരാളെ വേഗാലിവിടത്തിലാക്കാം
വരാ നിനക്കാധി, സലീമിനേ മാൽ-
വരാതെ വിട്ടാൽമനോജ്ഞമാംഗി!

അതല്ലയെന്നാകിലുടൻ നിനക്കു-
സ്വാതന്ത്ര്യമാം ബന്ധനമേകിടും ഞാൻ
ഹിതങ്ങളൊന്നും നിറവേറിടാം; സം-
ഭൃതപ്രസിദ്ധിക്കുമിളക്കമുണ്ടാം.

അവിഘ്നമോദാലിവിടത്തിലേവ-
മവിശ്രമൈശ്വര്യമിയന്നു വാഴാൻ
ഭവിക്കണം ഭാഗ്യമിതെങ്കിലെന്റെ
സുവിശ്രുതം വാക്യമിതോർത്തു വാഴ്ക.”

സ്ഫുടപ്രതാപൻ ധരണീമണാളൻ
നടന്നുതൻ വാസഗൃഹത്തെ നോക്കി
പടന്ന ഖേദം സഹിയാഞ്ഞുപോയി-
ക്കിടന്നു കാന്താംഗിയുമാത്മഗേഹേ.

പടുത്വമേറും നളിനാക്ഷി തന്റെ
തുടുത്ത ചുണ്ടും മുഖചന്ദ്രമസ്സും
കടുത്ത കൊങ്കത്തടവും നിനച്ചാ-
മിടുക്കക്കൂട്ടം സലിമും കുഴങ്ങി. ൨൫

ഒഴിഞ്ഞ മോദത്തൊടിതേവിധത്തിൽ
കഴിഞ്ഞു കാലങ്ങൾ ദിനങ്ങളായി
വഴിഞ്ഞു രാഗം പലപാട്ടുമാമാൻ
മിഴിക്കുമമ്പ് ഭൂപകുമാരകന്നും. ൨൬

വെളുത്തപക്ഷത്തിലൊരിക്കലുള്ളം
കുളുത്തൊരക്കാമിനിയും യുവാവും
തുളുമ്പുമാനന്ദരസേന ചെന്ന് നൽ-
പ്പളുങ്കുനേർനീർ നിറയുന്ന വാപിയിൽ. ൨൭

തെളിഞ്ഞനീരാണ്ടസരസ്സിൽ മുങ്ങി-
ക്കളിക്കുവോനല്ലവർതൻ വിചാരം
കളിച്ചു നൽസൈകതഭൂവിലല്ല-
ലൊളിച്ചുവാഴേണമിതെന്നു മോഹം. ൨൮

കരംഗ്രഹിച്ചും, സുമബാണസൂന-
ശരം തറച്ചും, കളിവാക്കരച്ചും;
ചിരം നയിച്ചാരവർ നേരമൊന്നാ-
ന്തരം നിലാവിൽ കുളുർസൈകതത്തിൽ. ൨൯

പിരിഞ്ഞുപോകാൻ കഴിയാതെ ചിത്ത-
മെരിഞ്ഞുവാഴും വരവാണിയോടായ്
"ധരിക്ക ഞാനങ്ങു നിനക്കു മാൽ വി-
ട്ടിരിക്ക"യെന്നോതി സലിം സഹർഷം. ൨൦

പ്രവിഷ്ടനായ് ഭൂപതി പുത്രവാക്യം
ശ്രവിച്ചുവെന്നോതിന ഭാവമോടും
സുവിസ്മയം തെല്ലിടനിന്നു, പിന്നെ
പ്പവിത്രശീലൻ സ്വഗൃഹം ഗമിച്ചു. ൨൧

മലച്ചുനിൽക്കും വധുവിൻെറ പാണി-
തലത്തെയൊന്നാഞ്ഞു പിടിച്ചു മന്ദം
"സുലക്ഷണേ! സംഭ്രമിയായ്ക"യെന്നാ-
യുലഞ്ഞ ഹൃത്താണ്ടു സലിം വചിച്ചു. ൨൨

പ്രവാളതുല്യാധരി ചൊല്ലി; "രാഗ-
പ്രവാഹമേ! മാമകജീവിതത്തെ
പ്രവാസമാം മൂശയിലിട്ടുരുക്കി-
ദ്ദിവാനിശാർത്തിക്കിടയാക്കിടൊല്ലേ" ൨൩

മനസ്സുകൂടാതെ തിരിച്ചുപോയാ-
രനന്തചിന്താകുലർ രണ്ടു പേരും
വിനയ്ക്കു താൻ ന്യായമറിഞ്ഞ മന്നൻ
നിനയ്ക്കുമെന്നോർത്തു വിഷാദമോടും. ൨൪

മതിക്കുമാന്ദ്യം പിടിപെട്ടു സാക്ഷാൽ
ക്ഷിതിക്ഷിതീശൻ സ്വഗൃഹത്തിലെത്തി
ക്ഷതിക്കു ലാക്കാകിയൊരന്വയത്തിൻ-
ഗതിക്കുവേണ്ടുന്നതു തീർച്ചയാക്കി. ൧൩

തുറുങ്കിലാക്കട്ടെ നതാംഗിയാളെ
നരുങ്ങുകാലം കളയാതെതന്നെ
വെറുപ്പോടും ഭൂപതിയാജ്ഞചെയ്താ-
നറുത്തകററുന്നതിനാത്മവൈരം. ൧൪

സുമാററരയ്ക്കാൽ ഞൊടികൊണ്ടുതന്റെ
കുമാരനെയാഗ്രയിലേക്കുമാററി
കുമാർഗ്ഗസഞ്ചാരദുരാശ നീക്കി
വിമാന്യനാം ഭൂപതി വാണുകൊണ്ടാൻ. ൧൫

II

കാരാലയത്തിലകമാണ്ട സുമാംഗി നീല-
ധാരാധരത്തിലുയരും കുളുർമിന്നൽപോലെ
ധാരാളകാന്തിയെ വഹിച്ചു വിളങ്ങി മുററു-
മാരാജസൂനുവെ നിനച്ചു നിരന്തരായം.

ദേഹം മെലിഞ്ഞു, തലകാഞ്ഞു, ഹൃദന്തരത്തിൽ
മോഹം തഴച്ചു, നയനങ്ങൾ പുകഞ്ഞുമങ്ങി,
ദാഹം വളർന്നു, തനുവല്ലിതളർന്നു, സത്താം
സ്നേഹം വഴിഞ്ഞു വിഷമിച്ചു, ശയിച്ചു, സാദ്ധ്വി. ൨

DEFINITORY T.O.C.D.
No. 1982
LIBRARY

അല്ലിങ്കലേണമിഴിയാൾ മിഴിചിമ്പിടാതെ
കല്ലിന്നുപോലുമലിവേകിടുമാറു കഷ്ടം
തല്ലിത്തകൎന്നകമോടു വരൻെറ വാർത്ത
ചൊല്ലിത്തനിച്ചു സമയത്തെ നയിച്ചിടുന്നു. ൬

ദ്വാരത്തിലെത്തി വെളിയിൽ തവണയ്ക്കുനിൽക്കും
ധീരസ്വഭാവികൾ ഭടാഗ്രിമർ ചൊല്ലിടുന്ന
ഘോരങ്ങളാം മൊഴികൾകേട്ടു കഠോരദുഃഖ-
ഭാരത്തോടേ പകലുമസ്സുതി പോക്കിടുന്നു. ൭

കാമാർത്തിമൂത്തു വിഷമിച്ചു സലിം കുമാരൻ
സീമാധികാധിയിലുഴന്നൊരുനാളുഷസ്സിൽ
സോമാസ്യതൻ നികടമാർന്നു മൃദുസ്മിതത്താൽ
സ്സാമാന്യമത്തരുണിയെപ്പരിതുഷ്ടയാക്കി. ൮

പൂട്ടിക്കിടന്ന ജയിൽവാതിൽ തുറന്നു ശൗര്യം
കാട്ടിക്കടന്ന പുരുഷൻെറ വിചേഷ്ടിതങ്ങൾ
നാട്ടിന്നു നാഥനറികിൽ കഥയെന്തിതെന്നുൾ-
ത്തട്ടിൽ കടന്ന നിനവാൽബ്ഭടർ സംഭ്രമിച്ചു. ൯

കട്ടിക്കുരംഗമിഴിയാളവിടുന്നെണീററു
കെട്ടിപ്പിടിച്ചു സലിമിൻെറ പരുത്തമാറിൽ
പട്ടിൽ പൊതിഞ്ഞ തനുവല്ലിയണച്ചുകഷ്ടം
പൊട്ടിക്കരഞ്ഞു മിഴിനീർ മഴപോൽ പൊഴിച്ചു. ൰

ആമഞ്ജുഗാത്രിയുടെ സങ്കടമീവിധത്തിൽ
പ്രേമത്തഴപ്പുകലരും സലിമീക്ഷചെയ്തു
സാമർത്ഥ്യമററു വിഷമിച്ചുതുരങ്കിനുള്ളിൽ
സീമന്തിനിക്കുടയബാഹുപിടിച്ചി,രുന്നു.

"നീലാരവിന്ദനയനേ! പരിക്ഷീണപുണ്യ-
കാലാതിപാതമണയാതെയിരിക്കയില്ല
വേലാധികാധിയിലിതേവിധമാണു ചാരു-
ശീലാനിവാസതനുവല്ലി തളത്തിടൊല്ലേ. ൯

നീരാളഗാത്രി! നിരവദ്യവിശുദ്ധരാഗ-
മാരാലുയന്നുതളിരും സുമവും വഹിക്കെ
ആരാണതിൻെറകട വെട്ടിമുറിയ്ക്കുവാൻ കൈ-
ത്താരാലെടുപ്പതു കരാളകൃപാണമയ്യോ! ൧൦

താതന്റെ സമ്മതമുദിക്കുകയില്ലെന്നായ്-
ച്ചേതസ്സിലോർത്തു വിഷമിക്കരുതേതുകൊണ്ടും
ഹേ തന്വി! കാരുണികനാം ധരണീമണാള-
നാതങ്കഹാനിയരുളാതെയിരിക്കയില്ല. ൧൧

ഈമട്ടു ചെററുദിവസങ്ങൾ കഴിഞ്ഞിടുമ്പോൾ
പേപ്പാ;മത്രയല്ലപരിതോഷവുമങ്കുരിക്കും
പൂമങ്കയോടു കിടയാകിയനിന്നെയെൻെറ
കാമത്തിനൊത്ത സഹധർമ്മിണിയാക്കിവയ്ക്കും. ൧൨

നാമന്തരംഗഭുവിനട്ടുവളൎത്തിടുന്ന
പ്രേമത്തിനെത്ര ബലമുണ്ടു വിശുദ്ധിയുണ്ട്
ഓമൽപ്രിയേ! പരമിതൊക്കെയറിഞ്ഞുകൊൾവാ-
നീമന്നവാഗ്രണിയിതേവിധമാചരിപ്പു. ൩൩

അല്ലാതെ നമ്മെയലിവെന്നിയെയീവിധത്തി-
ലുല്ലാസമററനിലയിൽ കരുണാൎദ്രചിത്തൻ
മല്ലാക്ഷിമാൎതിലകമേ! നൃവരൻ കൊതിക്ക-
യില്ലാ കഴക്കവേതിനെന്നുനിനച്ചുകൊൾക. ൩൪

പ്രാണാധികപ്രിയമെഴും സലിമിൻെറ വാക്യ-
മേണാക്ഷികേട്ടു കുറെയൊന്നു സമാശ്വസിച്ചു
കാണായിതപ്പൊഴുതടയ്ക്കുവതത്തുരങ്കിൻ
പ്രാണാധികാധികരമാമഴിവാതിലാരോ ൩൫

"രാട്ടിൻെറ കല്പനയിവൎക്കു വിലംഘ്യമാണോ?
നാട്ടിൽകിടന്നു കഴിയേണ്ടവരല്ലി ഞങ്ങൾ?
ചോട്ടിൽ പതിയ്ക്കുമിവരിൽ കനിയേണ"മെന്നായ്
പൂട്ടിക്കിടന്ന കതകാന്നു വചിച്ചുഭൃത്യർ. ൩൬

ആവട്ടെയെന്നു സലിമോതി; നടന്നു ഭൃത്യൻ
ഭൂവല്ലഭൻെറ സവിധത്തിലണഞ്ഞു സൎവം
ഭാവപ്പകൎച്ചയിയലാതെ വചിച്ചു പോയാ-
രാവശ്യമായ പണിനോക്കിയനന്തമോദം. ൩൭

വേഗത്തിലാത്മജനെ മുന്നിൽ വരുത്തിയുഗ്ര-
നാഗത്തിനൊത്ത വിധമദ്ധരണീമണാളൻ
ആഗസ്സപാരമവിഷഹ്യമനന്തചിന്താ-
യോഗത്തിനുള്ള വഴിയെന്നു നിനച്ചുരച്ചാൻ. ൧൯

ഹാ ഹാ മദീയവചനം തൃണമായ്ഗണിച്ചു-
ത്സാഹാതിരേകവശനായ് സ്വകുലം മുടിപ്പാൻ
മോഹാന്ധനായ് തുനികയോ നിയമങ്ങളെല്ലാ-
മീഹാനുരൂപമിവനെന്നു ധരിച്ചതില്ലേ?

നിസ്സാരമല്ല തവ ചേഷ്ടിതമാ "മെഹീറി-
ന്നിസ്സാ"യെ വേൾക്കുവതിനായ് നിരൂപിച്ച ഹൃത്തിൽ
മിസ്സായൊരിത്തരുണിതൻ നിനവും വഹിച്ചി-
ട്ടിസ്സാഹസത്തിനയി! നീ തുനിയുന്നുവല്ലോ. ൨൦

ഇല്ലേ നൃപാത്മജകളിദ്ധരണീതലത്തി-
ലില്ലേ തന്നഭ്യുതിയുമായവരിൽ പ്രകാമം
അല്ലേ നിനക്കവരിലേകയെ വേട്ടുവെന്നാ-
ലില്ലേ പ്രസിദ്ധി പരമിത്തൊഴിൽ നീചമല്ലേ? ൨൧

ഹൃത്തത്തിലുണ്ടു ബഹുപാടവ,മത്രയല്ല
ചിത്തത്തിലും ഗുണമനേകമിരിപ്പതുണ്ടാം
ഇത്തന്വിയാൾക്കു കുലമേതെന്നോർക്കിടുമ്പോൾ
ത്തൽക്കുലജയെയുള്ളവാമത്ര ചിന്തചെയ്ക. ൨൨

പോയാലുമിന്നിയുമിതേവിധമുള്ള ശുദ്ധ-
പോയായ കർമ്മമൊരുനാളിലുമോർത്തിടൊല്ലേ
ധീയാളുമെൻ തനയ! സാധുജനങ്ങളെല്ലാ-
മായാസമുൽഗതി നിനച്ചു സഹിച്ചിടുന്നു.

വേഗാലനർക്കലിയെ മുന്നിൽ വരുത്തിയുഗ്ര-
നാഗാമിയാംവിന സമസ്തവുമോതി വീണ്ടും
രാഗാധരിക്കു സുഖവാസമതിന്നു ഭവ്യ-
ഭോഗാലയം പതിച്ചിലേകിയയച്ചുമോദാൽ.

അന്നല്പനേരമവിടത്തിൽ വസിച്ചു രാത്രി-
വന്നപ്പൊഴക്കമനിമെല്ലെയെണീററു പാരം
ഖിന്നപ്രതാന്തമതിയായറിയാതെയാരു-
മുന്നുഗ്രസംഭ്രമവശേന പുറത്തിറങ്ങി.

ധാരാളമാളുകൾ ചരിപ്പൊരു രാജമാർഗ്ഗ-
മാരാലണഞ്ഞു മൃദുഗാത്രി നടന്നുവേഗം
പേരാർന്ന രേവയുടെ തീരമണഞ്ഞു ബാഷ്പ-
ധാരാവിലേക്ഷണ കരച്ചിടനിന്നു തത്ര.

"ജീവിച്ചിരിക്കവിഷമം"—സതി ചിന്തചെയ്താൾ
"ഈ വിശ്വവന്ദ്യനെ വെടിഞ്ഞു ജഗത്തിലയ്യോ
ഭാവിച്ചിടേണ്ട മനമേ! നൃവരൻ നമുക്കു
ഭാവിപ്രമോദമുളവാക്കുമിതെന്നുചൊററം."

തല്ലിത്തകൎത്തു തടമാകെയിടിച്ചു വീഴ്ത്തി-
യല്ലിൻെറയുഗ്രത ശരിക്കു വെളിപ്പെടുത്തി
മല്ലിട്ടടുക്കുമൊരു വാഹിനിയെൻെറ ജീവ-
വല്ലിക്കു താങ്ങലരുളാതെയിരിക്കയില്ല.

ഭൂതാനുകമ്പഹൃദയത്തിൽ വളൎന്ന ഭൂപ-
നേതാകിലും കഠിനപൂരമകറ്റുമെന്നായ്
ജാതാദരം കരുതുവാൻ കഴിവില്ല ലോക-
ത്രാതാവുതന്നെ വഴികാട്ടണമേതവൎക്കും. ൨൯

ദൈവം നമുക്കു തുണയെന്നു കതാരിലോൎത്ത-
ല്പാവം പരുങ്ങലിയലാതെ കരങ്ങൾ പൊക്കി
ഭാവം പകൎന്നു തൊഴുകൈയൊടു നിന്നു പിന്നീ-
ടാവന്ദ്യശീല നദിതന്നിലെടുത്തുചാടി ൩൦

അത്തിങ്കലാസ്യയൊഴുകിക്കുറെയേറെ ദൂര-
മെത്തിക്കഴിഞ്ഞു; വിധികണ്ണുതുറന്നിതപ്പോൾ
ചത്തില്ല; വൃദ്ധനൊരുവൻ ദ്രുതമോടിവന്നി-
ട്ടെത്തിപ്പിടിച്ചു കരമേററി വരാംഗിയാളെ. ൩൧

പുള്ളിക്കുരംഗമിഴിയാൾക്കുടനേകി മുസ്ലീം-
പള്ളിക്കടുത്ത നിജവാസഗൃഹത്തിൽവാസം
ഉള്ളിൽ കൃപാധനമിരിപ്പൊരു വൃദ്ധ,നാധി-
തള്ളിച്ചയിൽ പരസഹായമെവൎക്കുമുണ്ടാം. ൩൨

ഒട്ടാകെ ദുഃഖമയവാർദ്ധിയിൽ വീണു രോഷം
കാട്ടാത്തൊരക്കിഴവനോടൊരുമിച്ചു ശ്രദ്ധം
മുട്ടാളനായ വിധിതൻ വിപരീതകൃത്യം
മട്ടാർന്നവാണിയവൾ താങ്ങി വസിച്ചു തത്ര ൨൯

ഭിക്ഷാർത്ഥികൾക്കരികൊടുക്കുവതിന്നൊരുന്നാ-
ളക്ഷാമകാന്തിയെഴുമാവരവാണിമൗലി
ദക്ഷാർദ്രവീക്ഷണമൊടൊത്തു പുറത്തുവന്നാ-
ളക്ഷാന്തിദേവത ശരീരിണിയായപോലെ. ൩൦

വണ്ടാറണിക്കുഴലി വേറൊരു നാരി മോദം-
പൂണ്ടാഗമിച്ചു "സലിമിൻ വധുവെന്തിവണ്ണം
തിണ്ടാടിടുന്നു" പരമെന്നു വചിച്ചു ഗാഢം
പൂണ്ടാളനാക്ലിയെയത്ഭുതമിദ്ധരാഗം.

വൃത്താന്തമേറെയവർ തമ്മിലുരച്ചു പിന്നീ-
ട്ടുൾത്താപമാർന്ന വരവർണ്ണിനിയോടിവണ്ണം
അത്താർത്തരക്ഷണയനാക്ലി ചൊല്ലി ഭാഗ്യ-
വിത്താകമെൻ സഖിതവാശ ഫലിക്കുമെന്നായ്. ൩൧

ശ്രീതാവുമമ്മെഹ്റിനിസ പറഞ്ഞു നിങ്ങ-
ളേതാകിലും കരുണയോടൊരു കാര്യമിപ്പോൾ
പ്രീതാദരം കമനിമാർമുടി ചെയ്തതന്നാ-
ലോതാനെളുപ്പമിയലാത്തൊരു പുണ്യമുണ്ടാം. ൩൨

കൊട്ടാരമാൻസലീമിൻ സവിധത്തിലെത്തി
മട്ടാർന്നവാണി കുറിമാനമിതേകി വേഗം
കേട്ടാലുമൊത്തമരകത്തോട്ടമെത്തിയെന്നാ-
ലൊട്ടാകെയെൻ മനസി മോദമുദിച്ചിടും കേൾ. ൩൮

ആരാജഗേഹമതിലുള്ള രഹസ്യമാർഗ്ഗ-
മാരാലശേഷവുമറിഞ്ഞിടുമെൻ സഖീ നീ
പാരാതെ മാമകഹിതം നിറവേററിയെന്നാ-
ലാരാജവീരതനയൻ തവ ഭവ്യമേകും. ൩൯

ഈവാക്കുകേട്ടു; സഖി നീ ഭ്രമിയായ്ക ഭവ്യ
ശ്രീവാച്ച ഭൂപതികുമാരകപാർശ്വദേശം
ഈവ്വാക്കിലെത്തിയഖിലം തവ കാര്യമാര്യ-
ഭാവാധിവാസനിലയേ! നിറവേററുവൻ ഞാൻ. ൪൦

ഏവം ശ്രവിച്ചുമെഹിറിന്നിസ സുന്ദരാംഗി
ഭാവം തെളിഞ്ഞവിടെനിന്നു നടന്നു ശീഘ്രം
ദൈവം നമുക്കു തുണയെന്നകതാരിലോത്താ-
പ്പാവം തിരിച്ചു നൃപഗേഹ“മനാരു”മപ്പോൾ. ൪൧

III

ചിത്തജാർത്തിയൊടു കത്തുമേന്തിയാ-
മത്തകാശിനി നടന്നു മെല്ലവേ
സത്തമൻ സലീമമർന്നിടുന്നൊര-
പ്പത്തനത്തിനകമെത്തി ഗൂഢമായ്. ൧

ചെന്നു തമ്പി സലിമിൻെറ മുന്നിലായ്-
നിന്നു മാനസവികാരസംഭ്രമം
ഒന്നുപോലുമിയലാതെ കത്തെടു-
ത്തൊന്നു പാൎത്തു കരതാരിലേകിനാൻ. ൨

എന്തിനെന്നുപരിചിന്തയാൽ മനം
വെന്തിളാധവിതനൂജനത്ഭുതം
ചിന്തിടുന്ന മുഖഭാവമാൎന്നു സം-
ഭ്രാന്തിയോടു ലിഖിതം നിവൎത്തിനാൻ. ൩

സഞ്ചിതാദരമടുത്തു നിന്നിടും
കുഞ്ചിതാളക വരാനനാമണി
സഞ്ചിതാംഗനെ നിരീക്ഷ ചെയ്തുടൻ
പുഞ്ചിരിച്ചു പരിഹാസപൂൎവ്വകം.

ഒട്ടു നോക്കി നെടുവീൎപ്പുവിട്ടു മാൽ
പെട്ടു രാട്ടിനുടെ സൂനു ലജ്ജയാൽ
കെട്ടു പെട്ടു വിഷമിച്ചു കഷ്ടമുൾ-
ത്തട്ടുലഞ്ഞു നിവസിച്ചു മൗനമായ്. ൫

മായമല്ലവിടെ വന്നു നിന്നു നി-
ൎമ്മായശക്തിയെഴുമുൎവ്വരാധിപൻ
ഭീയനല്പതരമാൎന്നൊരീ യുവ-
പ്രായമായ മിഥുനത്തെ നോക്കിനാൻ. ൬

പുത്രഹസ്തമതിൽ നിന്നു വേഗമ-
പ്പുത്രമൻപൊടു കരസ്ഥമാക്കുവാൻ
ഗോത്രതൻ പതി കൊതിച്ചു വീൎയ്യസൽ-
പാത്രമായ സലിമും കുഴക്കിലായ്. ൭

താമരേക്ഷണ കുതിച്ചു ചാടിയു-
ദ്ദാമവീൎയ്യമൊടെഴുന്നു തൽക്ഷണം
ഭ്രമണാളനുടെ മുമ്പിൽ വച്ചു താ-
നാമഹീശസുതനോടു വാങ്ങിനാൾ. ൮

വായിലിട്ടതു കടിച്ചിറക്കി നൽ-
സ്ഥായി തൽസഖിയിലങ്കുരിക്കയാൽ
ഭീയിളച്ചു മൃദുഗാത്രിയസ്സലിം
തീയിലാണ്ട പുഴപോൽ പിടയ്ക്കവേ. ൯

യോഷമാരിൽമണിതന്റെ ചേഷ്ടിതം
ദ്വേഷമൂൎച്ഛിതനിളാധവാഗ്രിമൻ
ജോഷമൻപൊടു നിരീക്ഷ ചെയ്തുടൻ
ഭാഷണത്തിനു തുടങ്ങിയീവിധം. ൧൦

ആരുചൊല്ലിയിവിടത്തിൽ വന്നു, ക-
ത്താരു തന്നു, പരമെന്തു സംഗതി
നേരുരയ്ക്കുക; മറന്നുനിൽക്കിലുമ-
ചേരമാധിയതിനില്ല സംശയം. ൧൧

മാമകാജ്ഞ വകവെച്ചിടാതെ യു-
ദ്ദാമസാഹസമൊടൊത്തു നിസ്പൃഹം
ധാമമാന്നതിന്നു തക്ക ശിക്ഷ നി-
സ്സീമശക്തിയൊടു നൽകിടും തവ.

ഭാരതാധിപതിയായൊരെന്നെ നി-
സ്സാരനെന്നു കരുതിക്കുചേഷ്ടിതം
പാരമിങ്ങനെ തുടൎന്ന നീ ശുഭാ-
ചാരയല്ല വധയോഗ്യതാൻ ദൃഢം.

കത്തിലെക്കഥ വെളിപ്പെടുത്തിയാ-
പത്തിതിന്നു ശരിയായ പോംവഴി
ഹൃത്തിലോൎക്കുക കരസ്ഥമാക്കിയാ-
ലെത്തിടും ഭവിക്കമില്ല സംശയം.

ഇല്ല ഞാൻ പറകയില്ലയെന്നതാ-
നല്ലലെന്നിയെ വചിച്ചു സാദ്ധ്വിയാം
നല്ല വാക്കു നൃപനോതിയിട്ടുമാ-
മല്ലലോചന കലുങ്ങിയില്ലഹോ.

നിന്നിടാതവിടെനിന്നു ഭൂമിപൻ
ചെന്നിരുന്നു മഹിതാസനോപരി
നന്ദിപൂണ്ടു നിജഭൃത്യരേ വിളി-
ച്ചെന്നിവണ്ണമരുൾചെയ്തു രുഷ്ടനായ്.

വിഷ്ടപാധിപതിയാകുമെന്റെ വാ-
ക്കിഷ്ടമെന്നു കരുതീട്ടു തൽക്ഷണം
പുഷ്ടപൌരുഷർ ഗമിച്ചു നിങ്ങളുൽ-
കൃഷ്ടകർമ്മമിവനായ് നടത്തണം. ൧൭

ശങ്കയേതുമിയലേണ്ടനാക്കലീ-
മങ്കതന്നുടെയ കണ്ഠകൃന്തനം
എങ്കരൾക്കു കുളിരിന്നുമൂലമെൻ
കിങ്കരപ്രമുഖരേ! നടത്തുവിൻ. ൧൮

കല്പനപ്പടി ശിതാസിപാണിയാ-
യല്പവും മനസി മാർദവം വിനാ
ഉല്പലാക്ഷിയൊടടുത്തു നീചസം-
കല്പമാന്നൊരു ഭടാഗ്രിമൻ ശഠൻ. ൧൯

ബദ്ധരോഷമവളെ സ്വബാഹുവാൽ
ബദ്ധയാക്കിയവിടുന്നു രക്ഷണാൽ
ഉദ്ധതൻ വധമഹീതലത്തിലും-
ബുദ്ധമാനസനണഞ്ഞു വീഴ്ത്തുവാൻ. ൨൦

ഒട്ടുമേ മടി പിടിച്ചിടാതെയാ-
തപീട്ടുചേന്ന തന്വഗാത്രിയെ ക്ഷണം
വെട്ടുവാനസിയുയർത്തി ദൈവവും
വിട്ടുമാറി കഥ തീരുമിപ്പോഴേ. ൨൧

ഘാതകൻെറ കഥ തീൎന്നിതസ്സലിം
പ്രീതനായവിടെനിന്നതിദ്രുതം
വാതവേഗജവനാശ്വമേറിയ-
ക്കാതരേക്ഷണയൊടൊത്തു മണ്ടിനാൻ. ൨൨

വാൎത്തകേട്ടടനെയക്ബർ നീതിമാൻ
പേൎത്തകോപമൊടു സൈനികേശരേ
പാൎത്തലത്തിലഖിലം നടത്തിനാൻ
ധൂൎത്തരാമവരെയാനയിക്കുവാൻ. ൨൩

രാജപുത്രനെ വധൂസമന്വിതം
രാജഭൃത്യരതിവീൎയ്യശാലികൾ
രാജമാനനഗരാഗ്രയിങ്കലേ
രാജമാൎഗ്ഗമതിൽവച്ചു കണ്ടുതേ. ൨൪

ഭാഗധേയമി നൃവരൻെറ മുന്നില-
ദ്ദ്യോഗമോടവരെയാനയിക്കുവാൻ
ത്യാഗബുദ്ധിയിയലും ഭടൎക്ക സ-
ദ്ദ്യോഗമാൎന്നു നൃപശക്തിയത്ഭുതം. ൨൫

വീൎയ്യവാൻ നൃപതി പിന്നെയും മന-
സ്ഥൈൎയ്യമാൎന്ന വധുവോടനാകുലം
ആൎയ്യഭാഷയിലുരച്ചു ഹന്ത സൽ-
ക്കാൎയ്യവേദി വെറുമജ്ഞനെന്നപോൽ. ൨൬

വേണ്ട വേണ്ട വിഷമിച്ചിടേണ്ട മാൽ
വേണ്ട,കത്തിലെ രഹസ്യമിക്ഷണം
വേണ്ടപോലെ വെളിവാക്കിലിന്നു കൽ-
ക്കണ്ടവാണി വെറുതേ വിടാം ദൃഢം. ൰൭

ഇല്ല സംഗതി വെളിപ്പെടുത്തുവാ-
നില്ല മോഹമകതാരിലൊട്ടുമേ
അല്ലലില്ല മമ ശിക്ഷയേൽക്കുവാ-
നല്ലയോ മുഗളരാജരത്നമേ! ൰൮

ഇത്തരം സുദതി ചൊന്നവാക്കിനാ-
ലുത്തരംഗിതഹൃദന്തനാം നൃപൻ
മത്തകാശിനിയൊടോതി മേലിലാ-
പത്തതാണു ഫലമെന്നു ധൃഷ്ടനായ്. ൰൯

ധീരവീരമണിയായ പാർത്ഥിവൻ
പാരമിങ്ങനെ ചൊടിച്ചുരയ്ക്കിലും
സാരസേക്ഷണ കുലുങ്ങിയില്ലഹോ!
ധീരതയ്ക്കിടിവു കോപമേററമോ? ൨൰

ഇല്ല;ഇല്ല പറകില്ലയെന്നുതാൻ
മല്ലലോചന കഥിച്ചു വീണ്ടുമേ
നല്ലപോലെ നിരൂപിച്ചു പാർത്ഥിവൻ
ഫുല്ലപൗരുഷനരച്ചു പിന്നെയും. ൨൧

ള്ളനല്പമിയലുന്ന നിന്നെ ഞാൻ
കള്ളമല്ല കുടിലേ! കുചേഷ്ടിതേ!
ഉള്ളതൊന്നു പറയായ്കിലിന്നു നൽ-
പ്പുള്ള വാളിനിരയാക്കമോക്കുക. ൧൨

പേടിയെന്നതറിയാത്ത മാനിനി-
ക്കൂടിയില്ല മനമന്യപോകതിയിൽ
ധാട്ടിയോടുമവളോതി കാലന്നും
തേടിയാലുമിതു ചൊല്ലുകില്ല ഞാൻ. ൧൩

“തെല്ലുമാധിയിയലാതെ തൽക്ഷണം
ചൊല്ലുചേന്ന ഭടരേ! സുഗാത്രിയെ
കല്ലുകെട്ടിയതിലിട്ടു മൂടുവിൻ
വെല്ലുമെങ്കിലതുമൊട്ടു കണ്ടിടാം. ൧൪

ഏവമാജ്ഞ വഴിപോലെ നൽകിയ-
ബ്ഭ്രുവലാരി നിജഗേഹമെത്തവേ
കേവലം ഭടരൊടൊത്തു കൃത്യമാ-
യാവധൂമണിയുമാന്ന കാടകം. ൧൫

ഏറെയെന്തിനരിയാടിടുന്നു വ-
മ്പേറെയുള്ള ഭടരക്കൃശാംഗിയെ
ക്കൂറെഴാതെ കുഴിതോണ്ടി മൂടിനാ-
രേറെ വന്മദമുദിക്കമൂലമായ്. ൧൬

ദിഷ്ടദോഷവശയായ സാധ്വി സം-
പുഷ്ടമോദമിഹലോകജീവിതം
ശിഷ്ടമെന്തിനു? കളഞ്ഞു ശാശ്വതോൽ-
കൃഷ്ടമായ പദമാൎന്നു ഭവ്യദം.

ആരറിഞ്ഞു വിധിശാസനത്തിലെ
സ്സാരമായതു വെളിപ്പെടുത്തുവാൻ
പാരടച്ചു പരിവീക്ഷ ചെയ്കിലും
ധീരനേകനെയടുത്തു കണ്ടിടാ.

കേട്ട വാൎത്ത സലിമൊന്നു ഞെട്ടിയുൾ-
ത്തട്ടു പൊട്ടി വിഷമിച്ചു തൽക്ഷണം
ഒട്ടു ചാഞ്ഞു നിവസിച്ചു മോഹമാ-
ലപ്പെട്ടു ഭൂമിയിൽ മറിഞ്ഞുവീണുപോയ്.

അനന്തരം തൻവിധിയെന്നു കല്പി-
ച്ചനന്തമോഹാംബുധിമഗ്നനായി
അനന്തരായം സ്വഗൃഹത്തിൽ വാണാ-
നനന്തരൻ നാഥനു ചേൎന്ന പുത്രൻ.

IV

വാരാശികാഞ്ചി ധരയെപ്പരിരക്ഷ ചെയ്ത-
ധീരാഗ്രിമൻ നൃപതി വാനിലണഞ്ഞകാലം
പാരാതെ രാജ്യമലിവാൎന്നു ഭരിച്ചു വാണാ-
നാരാജപുത്രനമലൻ സലിമിഭാഗൻ.

അന്നാത്മനാമമതു മാററി നൃപൻ ജിഹാംഗി-
റെന്നായനന്തഗുണനാമാർന്നൊരു നാമമാണ്ടു
തന്നാത്മനാഥ "മെഹിറിന്നിസ" നൂർജിഹാനാ-
യന്നാളിലെത്തിയവനോടൊരുമിച്ചു വണു. ൫

പ്രേമത്തിനില്ല കുറവായവർ നിത്യഭാഗ്യ-
സ്തോമത്തൊടൊത്തു ദിവസങ്ങളതന്ദ്രമോദം
കാമങ്ങളൊക്കെ നിറവേററി വസിച്ചുകൊണ്ടാ-
രാമഞ്ജുഗേഹമതിലാണ്ടു വിശുദ്ധിയോടും. ൬

ലോകൎക്കു വേണ്ടഹിതമൊക്കെ നടത്തുവാനായ്
ശോകങ്ങളും താങ്ങിയിളതൻ ഭരണം നടത്തി
ആകമ്രകീൎത്തിയൊടു വാണിടുമജ്ജിഹാംഗി-
രാകല്പകാലമരുളാൻ ജനമോൎത്തു നിത്യം.

നല്ലാൎനിരയ്ക്കു നടുനായകമായ് വിളങ്ങും
ഫുല്ലാരവിന്ദമിഴി കാമിനി നൂർജിഹാനും
ഉല്ലാസവായ്പിൽ വിഹരിച്ചു വശംകെടുന്നു.
ണ്ടെല്ലാമനന്തമവികാസ്പദമോൎത്തു കണ്ടാൽ. ൭

അന്നാളിലക്കമനിയോടൊരുമിച്ചു രാജാ-
വൊന്നായഹോ! തനിനിലാവു പടൎന്ന രാവിൽ
ചെന്നാനുടത്തതരുവാടിയിൽ; നമ്മവാക്യം
ചൊന്നാവസിച്ചു തദനന്തരമാൎയ്യശീലർ. ൮

ഓരോവിധം പ്രണയവാചകമോതിയും നൽ-
താരോട്ടചേന്ന തൻവല്ലി യണച്ചുപൂണ്ടും
മാരോപമൻ ധരണീപാലകനങ്ങമിങ്ങ-
മോരോന്നു കണ്ടു വധുവൊത്തു ചരിച്ചിതല്പം. ൭

കാണായി കല്ലറ കുറച്ചകലത്തിലപ്പോൾ
സ്ഥൂണാഭപൂണ്ടു വിലസുന്നതു മുന്നിലായി
പ്രാണാധികപ്രണയിയൊത്ത വരന്നു മറ്റൊ-
രേണാക്ഷിയാളെ നിരൂപിപ്പതിനൊത്തതായി. ൮

കണ്ടാലുമക്കമനിയൊത്ത നൃപന്നു കണ്ണീ-
രുണ്ടായി പാരമൊരു സംഭ്രമവും മുഴുത്തു
മിണ്ടാതെ നിന്നു കുറെയേറെയഹോ മനസ്സി-
ലുണ്ടായ ചിന്ത നെടുവീർപ്പുകളായുയന്നു. ൯

ഖേദത്തൊടൊത്തു തൻഗാത്രി വരൻ്റെ ഭാവ-
ഭേദത്തിനെന്തു കഥയെന്നു മിഴിച്ചു നിൽക്കേ
സീദൽക്കളേബരനരച്ചു നൃപാലപുത്ര-
നാദന്തിഗാമിനിയൊടീവിധമാത്തനായി ൧൦

ഇക്കണ്ടിടുന്ന ചെറുകല്ലറ പാത്തിടുമ്പോ-
ളുൾക്കട്ടിവിട്ടു കദനം പിടികൂടിടുന്നു
അക്കമ്രഗാത്രി പരിപാവനശീലയയ്യോ!
നില്ക്കട്ടെ; മേലിലുരചെയ്യുക വയ്യ വയ്യേ. ൧൧

ചെന്താമരാക്ഷിയവളെന്നുടെ ജീവിതത്തിൻ
സന്താനവല്ലി കദനങ്ങൾ സഹിച്ചതോർത്താൽ
വെന്താളിടുന്നു ഹൃദയം പരമെന്തു ചെയ്വാ-
മെന്താതനെത്ര കഠിനാശയനോർക്കവയ്യാ: ൫൬

അന്ന്യായമക്കമന്നീതൻ കഥതീർത്തു താത-
നന്ന്യാനുരാഗമിയലാത്തതു കാരണത്താൽ
ധന്ന്യാശയക്കു ഭുവി പാർപ്പതിനില്ല ദേശ-
മിന്ന്യായമല്ലി നൃപനന്നു വെളിപ്പെടുത്തി? ൫൭

മല്ലായതാക്ഷി ഭവതിക്കനുരാഗമെന്നോ-
ടില്ലായിരുന്നു പരമെങ്കിലിതേവിധത്തിൽ
കല്ലായിവാഴ്വതിനിന്നിടയാകുമോ മാ-
ലല്ലാതെയെന്തു ഭുവനത്തിലഹോ? കടപ്പം ൫൮

ലോകത്തിലെത്ര ജനമാണു ദുരന്തമാകും
ശോകത്തിലാണ്ടു നിവസിപ്പതു ദുർവ്വിധേ! നീ
പാകത്തിലെത്ര ദുരിതങ്ങൾ വരുത്തിയാലു-
മാകട്ടെയെന്നു വിഷമിച്ചവർ താങ്ങീടുന്നു. ൫൯

എന്നാലുമില്ല കൃപയെന്നതു, നിന്റെ ചിത്ത-
മൊന്നാന്തരം കഠിനലോഹമിതെന്നു ലോകം
ഒന്നായുരച്ചിടുവതൊത്തതുതന്നെയെന്നാ-
യിന്നാണെനിക്കറിവു വന്നതു ഹൃത്തടത്തിൽ. ൬൦

രാജാധിരാജനുടെ കല്പന കേട്ടിടാത-
വ്യാജാനുരാഗവശയായ് സവിധത്തിലെത്തി
ഹാ! ജാതമോദമിവനാധിയകററുവാനും-
പൂജാവിധാനമിവളെത്ര സമാചരിച്ചു? ൫൮

കാരാലയത്തിനകമാണ്ടു ദുരന്തദുഃഖ-
ഭാരാലസംഗമൊരുമട്ടു വഹിച്ചു കഷ്ടം
നീരാളഗാത്രിയിവരം വാണതു ചിത്തതാരി-
ലാരാലൊരാധിയിവനിപ്പൊഴുമേററിടുന്നു. ൫൯

കഷ്ടം മദീയസുകൃതക്കൊടി വീർപ്പു മുട്ടി-
ട്ടിഷ്ടം നമുക്കു കുറവായതുകാരണത്താൽ
ശിഷ്ടം കഥിപ്പതിനു നാവിനു ശക്തിയില്ലേ
പുഷ്ടം ദുരാധിയിതു മായുകയില്ല തെല്ലും.

ചൊല്ലാമനാക്ലെി! നിനക്കു ജഗത്തിൽ വാഴാ-
നില്ലായിരുന്നു വിധിയായതു കാരണത്താൽ
നില്ലാത്ത രോഷമൊടു ഭൂമിപനീവിധത്തി-
ലെല്ലാമയേ! കമനിമാർമണിചെയ്തുപോയി. ൬൦

കേട്ടീടവേ പുരമനാക്ലെിയെന്നനാമം
ഞെട്ടീടിനാൾ കമനിമാർമണി നൂർജിഹാനും
പൊട്ടീടുമുള്ളൊടതു കണ്ടു കരഞ്ഞു ഭൂപ-
നൊട്ടീവിധത്തിലുരിയാടി വിവർണ്ണധീയായ് ദുഃഖിത ൬൧

ഹാ കഷ്ടമേ! കമനിമാർമണിയെത്രമാത്രം
ശോകത്തെയാണു പടുപാപിയിവൻ നിമിത്തം
ആകണ്ഠമസ്ഥിരതവിട്ടു ഭുജിച്ചതെന്നായ്
കോകസ്തനീ പരമുരയ്ക്കുക വയ്യതെല്ലാം.

അന്നത്തെ ലേഖനമൊരിത്തിരി തെററിയെങ്കിൽ
മന്നന്റെ—യച്ഛനുടെ—കൈവശമെത്തിയേനേ
എന്നല്ലനർത്ഥമൊരുമാതിരി പററിയേനേ
ഖിന്നത്വമന്നിവരം നിമിത്തപാസ്തമായി.

താതന്റെ വാക്കു വിഗണിച്ചു നിരുദ്ധശോക-
വ്രാതത്തൊടൊത്തു നിലകൊണ്ട സതീവതംസം
ചേതസ്സഴിഞ്ഞു നിവസിക്കുമിവന്നു പാര-
മാതങ്കഹാനിയരുളീടുകതന്നെ ചെയ്തു.

നാമിപ്പുരിയ്ക്കിവിടെ വാഴുവതിന്നു മൂല-
മാമിക്കൃശോദരി മരിച്ചതിലില്ല ഖേദം
ഭ്രൂമിന്നലൊത്ത തനു ഭൂപതി രോഷവഹ്നൌ
ഹോമിച്ചതാണിവനസഹ്യമതന്ദ്രശീലേ!

അയ്യോ കടുത്ത ശിലനാലുപുറത്തുമായി-
മെയ്യോടു ചേർത്തു വളരെ പ്പുണിചെയ്തുകെട്ടി-
വയ്യോത്തുവാനഖിലനായക! വീർപ്പുമട്ടി-
ച്ചയ്യോ ഹനിച്ചു വരവാണിയെ വീരയോധർ.

ചിന്തിപ്പതെന്തിനിവയൊക്കെയനന്തനീശ-
നെന്തിന്നിവൾക്കു തനുശോഭ കൊടുത്തു പാരം
എന്തിന്നു ചിത്തഗുണമേകി നിരുദ്ധയായി-
പ്പന്തിക്കനർത്ഥനിര താങ്ങുവതിന്നു തന്നെ. ൨൭

ചിത്തത്തിനെങ്കിലുമൊരിത്തിരി വക്രഭാവം
ചീത്തതപമേ! തവ കൊടുത്തു പുറത്തിറക്കാൻ
ഉൾത്തട്ടിലെന്തു നിനയാഞ്ഞതു? പാവമേവം
ചത്തല്ലലററ മരനാട്ടിലമന്നീടാനോ? ൨൮

കാന്താ! കിടന്നു കഷണിച്ചതുകൊണ്ടു കാൎയ്യ-
മെന്താണനാക്കലി തിരിച്ചു വരുന്നതാണോ?
സന്താപമൊട്ടു കുറവാക്കുകയെന്നു ചൊന്നാ-
ക്കാന്താനനാമണി തുടച്ചു നൃപാലബാഷ്പം. ൨൯

എന്താണു ചെയ്ക; വിധിശാസന നീക്കുവാനി-
ങ്ങെന്താകിലും കഴിവു തെല്ലു ഭവിക്കയില്ല
ചെന്താമരയ്ക്കെതിർ ശരീരമനന്തചിന്താ-
സന്താപവഹ്നിയിലുരുക്കരുതൊട്ടുമാൎയ്യാ! ൩൦

കാണായ വസ്തു വരനാഴികകൊണ്ടു ഭുവിൽ
കാണാതെയാകുമുടനേ നവമാം പദാർത്ഥം
കാണായ്‌വരും വിധിവിലാസമിതൊക്കെയങ്ങു-
കാണാത്തതെന്തു പരമിപ്പരമാർത്ഥമെല്ലാം? ൩൧

ലോകം സമസ്തമൊരു ജാലമതിന്നുവേണ്ടി-
ശ്ശോകം സഹിപ്പവർ വിചാരവിമൂഢരല്ലോ
നാകം ഗമിക്കുവതിനായ് വഴിനോക്കി നിത്യ-
ശോകം ത്യജിച്ചു മരുവീടണമാരുമെന്നും. ൩൨

ഭുവിൽ ജനിക്കിലെവനും മൃതനാകുമാരും
ഭാവിച്ചിടേണ്ടിതിനെയല്പമിളക്കി വയ്പാൻ.
ആ വിശ്വസൃഷ്ടിനുമിതൊന്നു മറിച്ചു വയ്പാ-
നാവില്ല സങ്കടമിതെന്തിനു പാഴിലല്ലേ. ൩൩

കാരുണ്യലേശമിയലാത്തതുകൊണ്ടു പാരം
പാരുഷ്യമോടു പറയും പരുഷോക്തിയെന്നായ്
ചാരുസ്വഭാവ! നിരുപിയ്ക്കരുതെൻെറ ചിത്ത-
താരുഗ്രഖേദവിഷലിപ്തമറിഞ്ഞിടേണം. ൩൪

പാരം കിടന്നു കരയുന്നതുകൊണ്ടു ദുഃഖ-
ഭാരം കുറഞ്ഞിടുമതിന്നു വിവാദമില്ല
സാരംഗലോചന തിരിച്ചുവരില്ല കഷ്ട-
മാരംഭമൊക്കെയതുകൊണ്ടു നിറുത്തിടുന്നു. ൩൫

ഈവണ്ണമോതി വിരമിച്ചിതു രുഗ്മഗാത്രീ
ഭ്രൂവല്ലഭാഗ്രണിയെണീററു തുടച്ചു കണ്ണീർ
കൈവല്യദായകപദാംബുജചിന്തപാര-
മാവശ്യമെന്നു കരുതി സ്വഗൃഹം ഗമിച്ചാൻ. ൩൬

കൊട്ടാരമെത്തിയ നൃപാലകനന്നു തന്നെ
മട്ടാൎന്നവാണിയുടെയോൎമ്മ നിലയ്ക്കു നിൎത്താൻ
തപ്പിട്ടാൎന്ന കല്ലറ നനത്തു മിനുത്ത കല്ലാൽ
കെട്ടാനൊരാജ്ഞ സചിവേന്ദ്രനു നൽകി വാണു. ന.വൃ

ഹൃദ്യാനനവും വളൎക്കുപെടി വിരുതിയലും,
ശില്പവിദ്യാവിദഗ്ദ്ധ-
ൎദ്ധ്യോച്ച്യാനനവുമേകിത്തെളിവൊട്ടു വിലസും,
കല്ലറേ! നിൻമഹത്വം,
വിദ്യാവിഖ്യാതി ചേരും, മനുജരുടെ മനോ
ദൎപ്പണത്തിൽ കടന്നി-
ട്ടിദ്യാവാപൃഥ്വീനീളെത്തെളിവിനൊടുകളി
ച്ചിത്ര സമ്പൂൎണ്ണമായി. ന.ൻ

ടിപ്പണം.

1. സുജാതൻ=നല്ലവംശത്തിൽ ജനിച്ചവൻ. ഭുജാബലം=കയ്യൂക്ക്. അജാതഖേദം=ദുഃഖംകൂടാതെ. അതന്ദ്രധീ=മടികൂടാത്ത ബുദ്ധിയോടു കൂടിയവൻ. കാവ്യാരംഭം വസ്തുനിർദ്ദേശരൂപത്തിലാണ്.

2. വരാഭൻ=ശ്രേഷ്ഠമായ ശോഭയുള്ളവൻ. അരാളകേശിമണിമാർ=അരാളമായ (ചുരുണ്ട) കേശത്തോടുകൂടിയ സ്ത്രീകളിൽവച്ചു മണി (ശ്രേഷ്ഠ) കളായിട്ടുള്ളവർ. അത്യന്തം സുന്ദരികൾ എന്നർത്ഥം.

3. വിതശങ്കം=സംശയം (ഭയം) കൂടാതെ. ധൃതമോദം=സന്തോഷത്തോടെ.

4. നിശാന്തം=ഭവനം. നിശാധിനാഥാനനമാർ=ചന്ദ്രമുഖികൾ. വിശാലസൗന്ദര്യവിശേഷവായ്പ്=അതിയായ സൗന്ദര്യത്തിൻെറ വിശേഷരീതിയിലുള്ള വർദ്ധനവു്. ദുരാർത്തി=അതിയായ ദുഃഖം.

5. ഭാഗ്യധോരണി=ഭാഗ്യമാകുന്ന അരുവി. വിദ്യാസരിത്ത്=വിദ്യാനദി. അലയാഴി=സമുദ്രം, അലങ്കാരം രൂപകം.

6. സഹസ്രപത്രേക്ഷണ=താമരക്കണ്ണി. മഗ്നർ=മുഴുകിയവർ.

7. അനോപമം=അതുല്യം. മനോ........വർഷം=മനോഹരസംഗീതമാകുന്ന പൂന്തേൻമഴ. അലങ്കാരം രൂപകം.

8. അനാര്യസംസർഗ്ഗം=ദുഷ്ടസഹവാസം. സാധ്വീ........ശ്വര്യം=പതിവ്രതമാർക്കുള്ള നിത്യമായ ഐശ്വര്യം. പ്രഥ=പ്രസിദ്ധി. അനാവിലാഭ=നിർമ്മലശോഭ.

9. ധരാമണാളൻ=രാജാവു്. അലങ്കാരം അർത്ഥാന്തരന്യാസം.

10. വിലോലഹൃത്ത്=ചഞ്ചലഹൃദയൻ. വിലോ........കൃതി=സുന്ദരമായ ആകൃതി.

11. അരിന്ദമൻ തൻസുതൻ=ശത്രുക്കളെ അടക്കുന്ന അക്ബരുടെ പുത്രൻ. ഒരു സ്ത്രീ മഹാപ്രതാപിയായ ഒരു പ്രഭുവിനെ വകവയ്ക്കാതെ അദ്ദേഹത്തിൻെറ മുമ്പിൽവച്ചുതന്നെ പുത്രനോടു യുദ്ധംചെയ്യുന്ന ഒരു പ്രതീതികൂടി ഉണ്ടാകുന്നതിനാൽ സമാസോക്തി എന്ന അലങ്കാരം.

13. വിലാസം=ഭ്രൂവിക്ഷേപം മുതലായവ. അലാതം=തിരക്കൊള്ളി. അലങ്കാരം ഉപമ

15. പോലും കീൎത്തിയുടെ സുസ്ഥിരതയെ കാണിക്കുന്നു.

17. വ്രീഡാ=ലജ്ജ.

19. ഇനപ്രഭൻ=സൂൎയ്യന്റെ പ്രഭപോലെയുള്ള പ്രഭയുള്ളവൻ.

20. ആത്മജന്മാവു്=പുത്രൻ. അനു........ൎച്യൻ=അനുകൂലാനുരാഗമാകുന്ന പുഷ്പങ്ങളാൽ പൂജിപ്പാൻ യോഗ്യൻ.

23. സുവിശ്രുതം=കേൾവികേട്ട (സത്യം ചെയ്യപ്പെട്ട)

24. കാന്താംഗി=സുന്ദരി.

27. വാപി=കുളം (സരസ്സ്)

28. സൈകതഭൂവു്=മണൽത്തിട്ട.

29. സുമബാണശരം=കാമശരം.

32. മലച്ച്=പരിഭ്രമിച്ച്.

33. പ്രവാളതുല്യാധരി=തളിരുപോലെ ചുമന്ന ചുണ്ടുള്ളവൾ. ൎാഗപ്രവാഹം=അനുരാഗാധിക്യം. ധൎമ്മികപകരം ധൎമ്മം പറയുന്നു പുതിയ രീതി. പ്രവാസം=വേർപാട്ട്. ദിവാനിശാൎത്തി=നിത്യദുഃഖം.

36. തുറങ്ക്=കല്ലറ. നുറുങ്ങ്=നുറുക്ക് (കുറച്ച്)

37. കുമാൎഗ്ഗ........രാശ=ചീത്തവഴിക്കു നടക്കുവാനുള്ള ചീത്ത ആഗ്രഹം.

II

1. കാരാലയം=ജയിൽ. സുമാംഗി=പൂപോലെ മൃദുവായ ശരീരത്തോടുകൂടിയവൾ. അലങ്കാരം ഉപമ.

3. അല്ല്=രാത്രി. ഏണം=മാൻ.

5. ഉഷസ്സ്=പ്രഭാതം. സോമാസ്യ=ചന്ദ്രമുഖി

7. കുരംഗം=മാൻ.

9. നീലാ........യന=കരിംകുവളപ്പൂപോലെ കറുത്ത കണ്ണുള്ളവൾ. പരി........പാതം=കുറഞ്ഞ സുകൃതകാലത്തിന്റെ കടക്കൽ (നല്ലകാലം) ചാരു........വല്ലി=മനോഹരശോഭക്കിരിപ്പിടമായകൃശശരീരം

10. കരാളകൃപാണം=ഭയങ്കരമായ വാൾ.

12. പോം എന്നതിൻെറ കൎത്താവായിട്ടു വിരോധം എന്നൊരു പദം ചേൎക്കണം.

16. വിലംഘ്യം=ലംഘിക്കത്തക്ക.

18. ഉഗ്രനാഗം=ക്രൂരസൎപ്പം. ആഗസ്സ്=അപരാധം. അവിഷഹ്യം=സഹിക്കാൻ പാടില്ലാത്തതു്.

19. അതിരേകം=ആധിക്യം. ഈഹാനുരൂപം=ഇഷ്ടംപോലെ.

20. ഭിസ്സ്=കൊള്ളകയില്ലാത്ത.

21. തനുദ്യുതി=ശരീരശോഭ.

21. വിന=ആപത്തു്. രാഗാധരി=ചുകന്ന ചുണ്ടുള്ളവൾ

25. ഖിന്നപ്രതാന്തമതി=ദുഃഖിച്ചുതളൎന്ന ബുദ്ധിയോടു കൂടിയവൾ. ഉന്ന........ശേന=വൎദ്ധിച്ച പരിഭ്രമത്തോടേ.

28. വാഹിനി=നദി. ജീവവല്ലി=പ്രാണനാകുന്ന വള്ളി.

29. ഭൂതാനുകമ്പ=ജീവകാരുണ്യം. ത്രാതാവു്=രക്ഷിതാവു്

31. തിങ്കളാസ്യ=ചന്ദ്രമുഖി.

32. അലങ്കാരം അൎത്ഥാന്തരന്യാസം.

33. വാൎദ്ധി=സമുദ്രം. മട്ടു്=തേൻ.

34. അക്ഷാമകാന്തി=കുറയാത്ത ശോഭ. ക്ഷാന്തിദേവത=ക്ഷമാദേവി്

37. സ്ഫീതം=വൎദ്ധിച്ച.

40. ഈ വാക്കിൽ=ഈവഴി. ആൎയ്യ........ലയ്=ശ്രേഷ്ഠങ്ങളായി വിചാരങ്ങൾക്കു് ഇരിപ്പിടമായവൾ.

III

1. ചിത്തജാൎത്തി=കാമപാരവശ്യം.

3 ഇളാധവതനുജൻ=രാജപുത്രൻ

4. കുഞ്ചിതാളക=വളഞ്ഞുചുരുണ്ട കുറുനിരകളോടു കൂടിയവൾ.

6. മിഥുനം=സ്ത്രീപുമാന്മാർ.

7. ഗോത്ര=ഭൂമി.

8. ഉദ്ദാമവീൎയ്യം=വൎദ്ധിച്ചവീൎയ്യം.

10. രോഷാമൂർഛിതൻ=വർദ്ധിച്ചകോപത്തോടു കൂടിയവൻ. ജോഷം=മൗനമായി.

12. ഉദ്ദാമസാഹസം=വർദ്ധിച്ച സാഹസം. ധാമം=ഭവനം.

16. മഹിതാസനോപരി=സിംഹാസനത്തിൽ.

18. കണ്ഠകൃതന്തനം=കഴുത്തുകണ്ടിപ്പ്.

19. ശിതാസിപാണി=ശീതമായ (മൂർച്ചയുള്ള) അസി=(വാൾ) പാണിയിൽ (കൈയിൽ) ഉള്ളവൻ.

20. ബദ്ധരോഷം=കോപത്തോടെ.

22: ഘാതകൻ=കൊലയാളി. വാത........ശ്വം=വായുവേഗത്തെക്കാൾ വേഗമുള്ള കുതിര.

25. സദ്യോഗം=നല്ലയോഗം.

29. സുദതി=നല്ല ദന്തങ്ങളോടുകൂടിയവൾ (സുന്ദരി) ഉത്തര........ന്തൻ=ഇളകുന്ന മനസ്സോടുകൂടിയവൻ.

30. അലങ്കാരം=അർത്ഥാന്തരന്യാസം.

31. ഫുല്ലപൗരുഷൻ=വർദ്ധിച്ച പൗരുഷമുള്ളവൻ.

37. ദിഷ്ട........വശ=നിർഭാഗ്യത്തിന്നധീനത. ഭവ്യദം=സുഖം നൽകുന്ന.

40. അനന്തരായം=തടസ്സംകൂടാതെ. അനന്ത=ഭൂമി.

IV

1. വാരാശി=സമുദ്രം. കാഞ്ചി=അരഞ്ഞാണം. ഇദ്ധരാഗൻ=വർദ്ധിച്ച അനുരാഗത്തോടുകൂടിയവൻ.

3. മഞ്ജുഗേഹം=മനോഹരഭവനം.

4. ഇള=ഭൂമി. ആകല്പം=അത്യന്തം മനോഹരം. അകല്പകാലം=പ്രളയംവരെ.

5. അനന്തഭവികാസ്പദം=അവസാനമില്ലാത്ത സുഖത്തിന് അടിസ്ഥാനം.

6. വാടി=ഉദ്യാനം. നമ്മം=നേരമ്പോക്ക്.

8. സ്ഥൂണാഭ=തൂണുകളുടെ ശോഭ.

10. സീദൽകളേബരൻ=തളരുന്ന ശരീരത്തോടുകൂടിയവൻ. ദന്തിഗാമിനി=ആനനടയാൾ. (സുന്ദരി)

15. ദുരന്തം=അവസാനംഇല്ലാത്ത.

21. വിവണ്ണധി=ദുഃഖിതചിത്തൻ.

22. കോകം=ചക്രവാകപ്പക്ഷി

23. അപാസ്തം=കളയപ്പെട്ടത്.

24. നിരുദ്ധശോകവ്രാതം=തടയപ്പെട്ട ദുഃഖസമൂഹത്തോടെ. സതീവതംസം=പതിവ്രതമാരുടെ ശിരോലങ്കാരം.

25. ഭൂപതിരോഷവഹ്നൗ=രാജാവിൻെറ കോപാഗ്നിയിൽ. അതന്ദ്രശീല=മടിയില്ലാത്ത സ്വഭാവത്തോടുകൂടിയവൾ.

26. അഖിലനായക=ഈശ്വര.

27. നിരുദ്ധ=തടയപ്പെട്ടവൾ. പന്തിക്ക്=നല്ലവണ്ണം.

28. വക്രഭാവം=വളവ്. അമരനാട്ട്=സ്വർഗ്ഗം.

29. കാന്താനനാമണി=സുന്ദരീരത്നം. നൃപാലബാഷ്പം=രാജാവിൻെറ കണ്ണുനീർ.

30. വിധിശാസന=ബ്രഹ്മകല്പന. അനന്തചിന്താസന്താപവഹ്നി=അവസാനമില്ലാത്ത വിചാരം നിമിത്തമുള്ള ദുഃഖാഗ്നിയിൽ.

32. ജാലം=ചെപ്പടിവിദ്യ.

33. വിശ്വസൃക്ക്=ലോകസ്രഷ്ടാവ്.

34. പാരുഷ്യം=കാഠിന്യം. പരുഷോക്തി=കഠിനവാക്ക്. രുഗ്മഗാത്രി!=സുവണ്ണശരിര!. ഉഗ്രഖേദവിഷലിപ്തം=കഠിനദുഃഖമാകുന്ന വിഷം തേച്ചത്.

35. സാരംഗലോചന=മാൻകണ്ണി.

36. ഭൂവല്ലഭാഗ്രണി=രാജശ്രേഷ്ഠൻ. കൈവല്യദായകപദാംബുജചിന്ത=മോക്ഷം നല്കുന്ന ഈശ്വരന്റെ പാദാരവിന്ദങ്ങളെക്കുറിച്ചുള്ള വിചാരം.

37. തിട്ടാന്റ=ശോഭയുള്ള. സചിവേന്ദ്രൻ=പ്രധാനമന്ത്രി.

38. ഹൃദി÷ആനന്ദം എന്നപദം. ഹൃദി=ഹൃദയത്തിൽ. വിരുതു്=സാമൎത്ഥ്യം. ശില്പവിദ്യാവിദഗ്ദ്ധൻ=ശില്പവിദ്യയിൽ സമൎത്ഥൻ. അദ്യ+അപി എന്നപദം. അദ്യ=ഇന്നു്. അപി=ഉം. വിഖ്യാതി=കീൎത്തി. മനുജർ=മനുഷ്യർ. മനോദൎപ്പണം=മനക്കണ്ണാടി. ദ്യാവാപൃത്ഥ്വി=ആകാശവും ഭൂമിയും.

K. N. P.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00008341
T61 U5

ANARKALI

(Prescribed for the Intermediate Examination 1937-1938)

MAHOPADYAYA

K. S. N. UNNI.

T61
U5